"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ - വികസന ക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് ബുക്ക്‌ലെറ്റുകൾ പ്രസിദ്ധീകരിക്കുന്നതിനും കോഫ് ടേബിൾ ബുക്ക് പ്രസിദ്ധീകരിക്കുന്നതിനും തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് കൊച്ചി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2301/2025/LSGD    തീയതി,തിരുവനന്തപുരം, 22-09-2025

---

പരാമർശം:-    1. കൊച്ചി നഗരസഭ മേയറുടെ 05.08.2025 ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

കൊച്ചി നഗരസഭയുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിന് ബുക്ക്‌ലെറ്റുകൾ പ്രസിദ്ധീകരിക്കുന്നതിന് കൊച്ചി നഗരസഭ ഉദ്ദേശിക്കുന്നെന്നും നഗരസഭയുടെ 2025-26 വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ പ്രസ്തുത ആവശ്യത്തിന് വകയിരുത്തിയിട്ടുണ്ടെന്നും ആയതിനാൽ ഇപ്രകാരം ബുക്ക്‌ലെറ്റുകൾ പ്രസിദ്ധീകരിക്കുന്നതിനും കൊച്ചിയുടെ പൈതൃക സംസ്കാരം വ്യക്തമാക്കുന്ന കോഫി ടേബിൾ ബുക്ക് പ്രസിദ്ധീകരിക്കുന്നതിനും തനത് ഫണ്ടിൽ നിന്നും 85 ലക്ഷം രൂപ ചെലവഴിക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് കൊച്ചി നഗരസഭ മേയർ സർക്കാരിനെ സമീപിച്ചിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. കോർപ്പറേഷന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനും കോഫീ ടേബിൾ ബുക്ക് തയ്യാറാക്കുന്നതിനും ₹50,00,000/- (അമ്പത് ലക്ഷം രൂപ മാത്രം) തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് ടെൻഡർ നടപടികൾ പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 23-09-2025 10:26:47